# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ -2425 | 18.02.2016 ൽ മറുപടിയ്ക്ക്

**ജലവിഭവ വകുപ്പ് സമർപ്പിച്ച കല്ല്യാശ്ശേരിമണ്ഡലത്തിലെ പ്രോജക്ടുകൾ**

**ചോദ്യം**

**ശ്രീ.റ്റി.വി.രാജേഷ്:**

(എ) നബാർഡിന്റെ RIDF-21 സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ പ്രോജക്ടുകളുടെ എസ്റ്റിമേറ്റുകളാണ് ജലവിഭവ വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; പ്രസ്തുത പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**മറുപടി**

**ശ്രീ.പി.ജെ.ജോസഫ്**
**(ജലവിഭവ വകുപ്പ് മന്ത്രി)**

(എ) നബാർഡിന്റെ RIDF-21 സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി കല്ല്യാശ്ശേരി മണ്ഡലത്തിലെ താഴെപറയുന്ന നാല് പ്രോജക്ടുകളുടെ പ്രൊപ്പോസൽ ലഭ്യമായെങ്കിലും സെക്ടറൽ അലോക്കേഷന്റെ അപര്യാപ്തത മൂലം നബാർഡ് RIDF-21 ൽ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

1. കണ്ണപുരം പഞ്ചായത്ത് കയറ്റിയിൽ മുക്കോല എന്ന സ്ഥലത്ത് ഉപ്പുവെള്ളം പ്രതിരോധിക്കാനുള്ള എർത്തേൺ ബണ്ടിന്റെ നിർമ്മാണം - 42.00 ലക്ഷം രൂപ
2. ചെറുകുന്ന് പഞ്ചായത്തിലെ മുട്ടിൽ കാപ്പ് റഗുലേറ്ററിന്റെ പുനരുദ്ധാരണ പ്രവൃത്തി - 104.65 ലക്ഷം രൂപ
3. ചെറുകുന്ന് പഞ്ചായത്തിലെ ഗവൺമെന്റ് ആയുർവേദ ഹോസ്പിറ്റലിന് സമീപം R.S.No.122 ൽ ഉപ്പുവെള്ള പ്രതിരോധ ബണ്ടിന്റെ നിർമ്മാണം - 53.00 ലക്ഷം രൂപ
4. കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവവും അനുബന്ധ വില്ലേജുകൾക്കും വേണ്ടി ബാക്കിയുള്ള വിതരണ ശൃംഖലയുടെ ഒന്നാംഘട്ട കുടിവെള്ള പദ്ധതിയ്ക്കു വേണ്ടി - 1390.37 ലക്ഷം രൂപ

| | | | |
|---|---|---|---|
| (ബി) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ഏരും പുഴയ്ക്ക് കുറുകെ പൂരക്കടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | കണ്ണൂർ ജില്ലയിലെ പ്രസ്തുത പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ഡിസൈൻ അപ്രൂവൽ ആയിട്ടുണ്ട്. 386.00 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന വിശദമായ എസ്റ്റിമേറ്റ് (DPR) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തയ്യാറാക്കി വരുന്നു. ആയത് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി RIDF-22 ൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**